## പതിനാലാം കേരള നിയമസഭ -പതിമൂന്നാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 2379
## -06.12.2018-ന് മറുപടി നൽകേണ്ടത്

**വായ്പയിന്മേൽ പലിശയും പിഴപലിശയും ഒഴിവാക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.കെ. ശശീന്ദ്രൻ** | **ഡോ. റ്റി.എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് വിവിധ കോർപ്പറേഷനുകളിൽ നിന്നും ബോർഡുകളിൽനിന്നുമായി വിവിധ ആവശ്യങ്ങൾക്ക് ലോൺ എടുത്ത ആളുകളുടെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വിവിധ ആവശ്യങ്ങൾക്ക് ലോൺ എടുത്ത ആളുകളുടെ പലിശയും പിഴപലിശയും ഒഴിവാക്കിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വിവിധ ആവശ്യങ്ങൾക്ക് ലോൺ എടുത്തവരുടെ എല്ലാ സ്റ്റാൻഡേർഡ് അക്കൗണ്ടിലെയും തിരിച്ചടവിൽ താമസം നേരിട്ട ദിവസങ്ങളിലെ പിഴപലിശ 01.08.2018 മുതൽ 30.11.2018 വരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് റിബേറ്റിനുള്ള സാവകാശം 5-ാം തീയതിയിൽ നിന്നും 15-ാം തീയതി വരെ നീട്ടി നൽകിയിട്ടുള്ളതും, മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് മോറട്ടോറിയം, പലിശ ഫണ്ടിംഗ്, കാലാവധി നീട്ടികൊടുക്കൽ എന്നിവയും നൽകി വരുന്നതും എല്ലാ റവന്യൂ റിക്കവറി നടപടികളും 30.11.2018 വരെ നിർത്തി വച്ചിട്ടുള്ളതുമാകുന്നു.<br><br>ഉദാരമായ വ്യവസ്ഥകളിൽ കെ.എസ്.എഫ്.ഇ. യിൽ നടപ്പിലാക്കിയ 'ഇളവ്' എന്ന പേരിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി നവംബർ 30 ൽ നിന്ന് ജനുവരി 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

Sd/-

**സെക്ഷൻ ഓഫീസർ**